ഐ. എ. എസ്സ്., ഐ. പി. എസ്സ്. ഉദ്യോഗസ്ഥന്മാർ.

*965. [4] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വീസിൽ ഇപ്പോഴും എത്ര ഐ. എ. എസ്സ്., ഐ. പി. എസ്സ്. ഉദ്യോഗസ്ഥന്മാരുണ്ടു് ;

(ബി) ഇവരിൽ എത്രപേർ കേരളീയരാണു് ;

(സി) കഴിയുന്നതും കേരളീയരായ ഐ. എ. എസ്സ്. കാരെത്തന്നെ സംസ്ഥാന സർവ്വീസിൽ നിയമിക്കുന്നതിനു വേണ്ടതു ചെയ്യുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഐ. എ. എസ്സ്. 66, ഐ. പി. എസ്സ്. 31.

(ബി) 49 ഐ. എ. എസ്സ്. കാരും, 23 ഐ. പി. എസ്സ്. കാരും കേരളീയരാണു്.

(സി) ഐ. എ. എസ്സ്. കാരുടെ നിയമനം നടത്തുന്നതു്, വിവിധ സംസ്ഥാന സർവ്വീസിലേക്കു് അവരെ അയയ്ക്കേണ്ടതു് കേന്ദ്രഗവണ്മെൻറിൻറെ ചുമതലയിൽപ്പെട്ട ഒരു കാര്യം ആകയാൽ അക്കാര്യത്തിൽ സംസ്ഥാന ഗവണ്മെൻറിനു് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. കൂടാതെ ഈവക കാര്യങ്ങളിൽ കേന്ദ്രഗവണ്മെൻറിൻറെ അടുക്കൽ എന്തെങ്കിലും ശുപാർശ നടത്തുന്നതു് അഖിലേൻഡ്യാ സർവ്വീസിനു് കടകവിരുദ്ധമാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇതിനെസംബന്ധിച്ചു് ആലോചിക്കുന്നതിനു് സംസ്ഥാന മുഖ്യമന്ത്രിമാരുടെ ഒരു സമ്മേളനം കൂടുകയുണ്ടായി. അതിൽവച്ചു് ഓരോ സംസ്ഥാനത്തിലെയും ഡിപ്പാർട്ടുമെൻറു തലവനായിട്ടോ അല്ലെങ്കിൽ ഉന്നതസ്ഥാനങ്ങളിലോ സംസ്ഥാനാന്തര ഉദ്യോഗസ്ഥന്മാരെത്തന്നെ നിയമിക്കുന്നതിനെപ്പറ്റി ആലോചന നടത്തിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിലെന്തു നടപടികളെടുത്തിട്ടുണ്ടു് ?

ശ്രീ. ആർ. ശങ്കർ : സംസ്ഥാന മുഖ്യമന്ത്രിമാരുടെ കാൺഫറൻസിൽ പല വിഷയങ്ങളെക്കുറിച്ചും ചർച്ചചെയ്ത കൂട്ടത്തിൽ ഇതിനെപ്പറ്റിയും ചർച്ച ചെയ്തിട്ടുണ്ടു്. സംസ്ഥാനത്തിനകത്തുള്ള കുറെ ഉദ്യോഗസ്ഥന്മാർക്കും സംസ്ഥാനത്തിനു വെളിയിലുള്ള കുറെ ഉദ്യോഗസ്ഥന്മാർക്കും ഓരോ സംസ്ഥാനങ്ങളിലും സർവ്വു ചെയ്യുന്നതിനു് ഉള്ള സാഹചര്യം ഉണ്ടാക്കണമെന്നും, അതു് ദേശീയ ഉൽഗ്രഥനത്തിനു് നല്ലതാണെന്നും തീരുമാനിച്ചിട്ടുണ്ടു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : കേരളസംസ്ഥാനത്തു് ഐ. എ. എസ്സ്. പാസ്സായിട്ടുള്ള ഒരു ഹരിജൻ മാത്രമാണു് ഉള്ളതു്. അദ്ദേഹത്തിൻറെ സേവനം കേരളത്തിനു് ലഭിക്കുന്നതിനുവേണ്ടി ഇവിടെത്തന്നെ നിയമിക്കുന്നതിനു് ഈ ഗവണ്മെൻറു് കേന്ദ്ര ഗവണ്മെൻറിനോടു് ശുപാർശ ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ഈ ഗവണ്മെൻറിൽനിന്നും ശുപാർശ ചെയ്യുന്നതു് വിഹിതമായിരിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. സി. അച്യുതമേനോൻ : ഈ സംസ്ഥാനത്തിലേക്കു് വെളിയിലുള്ള സംസ്ഥാനത്തുള്ള ഐ. എ. എസ്സ്. ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിൽ ഒരു ശതമാനം നിശ്ചയിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ എത്രയാണു് ?

ശ്രീ. ആർ. ശങ്കർ : അങ്ങനെയൊരു നിശ്ചിതശതമാനം വയ്ക്കാറില്ല. എങ്കിലും ഓരോ വർഷവും റിക്രൂട്ടു് ചെയ്യുമ്പോഴും ഇവിടെനിന്നും ഒരു ശതമാനം ആളുകളെ പുറത്തുള്ള സംസ്ഥാനത്തും, പുറത്തുള്ള സംസ്ഥാനത്തുനിന്നും ഒരു ശതമാനം ആളുകളെ ഇവിടെയും നിയമിക്കാറുണ്ടു്. അതിനുംപുറമേ സെൻട്രൽ ഗവണ്മെൻറിൻറെ സേവനത്തിനായി ഈ സ്റ്റേറ്റിൽനിന്നും ഒരു ശതമാനം ആളുകളെവീതം അയയ്ക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ : അഖിലേൻഡ്യാ അടിസ്ഥാനത്തിൽ ഇതു് സ്വീകരിക്കണമെന്നു് വല്ല അഭിപ്രായവും ഉണ്ടോ ? ഇല്ലെങ്കിൽ ഇൻഡ്യാ ഗവണ്മെൻറു പറയുന്നതുകൊണ്ടാണോ ഈ ഗവണ്മെൻറിൽനിന്നും ശുപാർശ ചെയ്യുന്നതു് അവിഹിതമായിട്ടു് കരുതുന്നതു് ? ഇതിൽ ഒരു സ്ഥിരത ചെയ്യേണ്ടതാവശ്യമല്ലേ ?

ശ്രീ. ആർ. ശങ്കർ : ആ തത്വത്തോട് ഈ ഗവണ്മെൻറു് വിയോജിക്കുന്നില്ല.

ഗവണ്മെൻറു് പ്രസ്സിലെ ജോലിക്കാർ.

* 966. [5] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഗവണ്മെൻറു് പ്രസ്സിലെ ജോലിക്കാർക്കു് തൊഴിലെടുക്കുവാനുള്ള ഷെഡ്യൂൾ സമയമെത്ര ;

(ബി) ഷെഡ്യൂൾ സമയം കഴിഞ്ഞു് ഓവർടൈം ജോലി ചെയ്യുന്നതിനു് ഓവർടൈം അലവൻസു കൊടുത്തിരുന്നോ ;

(സി) ഓവർടൈം അലവൻസിൽ അടുത്ത കാലത്തു് ഏതെങ്കിലും തരത്തിലുള്ള കുറവു വരുത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിലതിനുള്ള കാരണമെന്തു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഫസ്റ്റു് ഷിഫ്റ്റു് രാവിലെ എട്ടു മണിമുതൽ ആരംഭിച്ചു് ഉച്ചതിരിഞ്ഞു് 4.30 വരെ. ഇടയ്ക്കു് ഒരു മണിക്കൂർ ഇൻറർവൽ ഉണ്ടു്. സെക്കൻറ്ഷിഫ്റ്റു്വൈകുന്നേരം 4.30 മുതൽ രാത്രി 11.30 വരെ. ഇടയ്ക്കു് അര മണിക്കൂർ ഇൻറർവെൽ ഉണ്ടു്.

(ബി) കൊടുത്തിരുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. അനിരുദ്ധൻ : അങ്ങനെ ഓവർടൈം നൽകിയിട്ടുള്ള സംഖ്യ അന്വേഷിച്ചു് ആ വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയാൽ ആ കാര്യത്തെക്കുറിച്ചു് പരിഗണിക്കുമോ ?

മി. സ്പീക്കർ : വിവരം കൊടുക്കുമ്പോഴും പരിഗണിച്ചാൽ മതിയല്ലോ.

ശ്രീ. ഇ. പി. ഗോപാലൻ : ഗവണ്മെൻറു് പ്രസ്സിൽ ചെയ്യുവാനുള്ളതും ചെയ്യാവുന്നതുമായ ജോലികളും പുറത്തു സ്വകാര്യ പ്രസ്സുകൾക്കു് ഇന്നു കൊടുക്കുന്നുണ്ടു്. അതിൻെറ ഫലമായിട്ടു് ഓവർടൈം ജോലി കിട്ടുന്നില്ലെന്നുള്ള ആക്ഷേപമുണ്ടായതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഇല്ല.

ശ്രീ. ഇ. പി. ഗോപാലൻ : ഇപ്പോഴും ഗവണ്മെൻറു് പ്രസ്സിൽ ചെയ്യാവുന്നതും മുമ്പു ചെയ്തുകൊണ്ടിരുന്നതുമായ ജോലികളും, ടൈപ്പ്സ്റ്റെബുക്കു് പ്രിൻറിംഗു് മുതലായ ജോലികളും, സ്വകാര്യ പ്രസ്സുകൾക്കു് കൊടുക്കുന്നു എന്നുള്ള ആക്ഷേപം കിട്ടിയിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഇപ്പോഴും അങ്ങനെ ആക്ഷേപമൊന്നുമില്ല. ഈ കൊല്ലം ടൈപ്പ്സ്റ്റെബുക്കിൻെറ ജോലി പുറത്തു നിന്നു കൊടുക്കാതെ ഗവണ്മെൻറു പ്രസ്സിൽ പ്രിൻറു ചെയ്യുകയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly